# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 81 26.09.2016- ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. പിണറായി വിജയൻ** *(മുഖ്യമന്ത്രി)* |

എ) പ്രവാസികളുടെ ക്ഷേമത്തിന് വേണ്ടി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

എ) പ്രവാസികളുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

- പ്രവാസികളുടെ സ്വത്ത് കയ്യേറ്റം തുടങ്ങിയ വിവിധ പരാതികൾ പരിഹരിക്കുന്നതിന് ജുഡീഷ്യൽ അധികാരമുള്ള കമ്മീഷൻ.
- നോർക്ക വകുപ്പിനെയും നോർക്ക-റൂട്ട്സിനെയും സംബന്ധിച്ച വിവരങ്ങൾ നല്കുന്നതിനും അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ .
- ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്നവർക്കായി എൻ.ആർ.കെ ഇൻഷ്വറൻസ് കാർഡ്.
- നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നോർക്ക ബിസിനസ് സഹായ കേന്ദ്രം (NBFC).

PTO

- മടങ്ങിയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ധനസഹായം അനുവദിക്കുന്നതിനായി പ്രവാസികാര്യ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ 'സാന്ത്വന' പദ്ധതി .
- തിരികെ വന്ന നിർദ്ധനരായ പ്രവാസികളെയും അവരുടെ ആശ്രിതരെയും സഹായിക്കുന്നതിനായി നോർക്ക ചെയർമാൻഫണ്ട്
- തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൽ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന പദ്ധതിയായ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)
- കുറഞ്ഞത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ സ്ഥിര താമസമാക്കിയിട്ടുള്ള അർഹരായവർക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നിവ നല്കുന്നതിനായി അംഗത്വം അനുവദിക്കുന്നതിന് രൂപീകരിച്ച പ്രവാസി ക്ഷേമനിധി. ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും 60 വയസ്സ് പൂർത്തിയായതുമായ വിദേശത്ത് ജോലിയിൽ തുടരുന്ന പ്രവാസികൾക്കും ക്ഷേമനിധിയിൽ നിന്നു പെൻഷന് അർഹതയുണ്ട്.

PTO

| | |
|---|---|
| | • വിദേശ രാജ്യങ്ങളിൽ തങ്ങളുടേതല്ലാത്ത കുറ്റത്തിന് ജയിലിലടയ്ക്കപ്പെടുന്നവരെ തിരിച്ച് നാട്ടിലെത്തിക്കുന്നതിന് സൗജന്യ വിമാന ടിക്കറ്റ് നല്കുന്ന സ്വപ്ന സാഫല്യം പദ്ധതി<br>• വിദേശത്ത് വെച്ച് മരണപ്പെടുന്ന പ്രവാസി മലയാളികളുടെ ഭൗതിക ശരീരം, എംബസി വഴിയല്ലാതെ നാട്ടിലെത്തിക്കുന്നതിനുള്ള ചെലവ് (പരമാവധി 50,000/- വരെ ) നല്കിവരുന്ന കാരുണ്യം പദ്ധതി |
| ബി) & സി) പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | ബി) & സി) ഉണ്ട്. വിദേശത്ത് വെച്ച് മരണപ്പെടുന്ന പ്രവാസി കേരളീയരുടെ കുടുംബങ്ങൾക്ക് നിലവിൽ നല്കുന്ന സാമ്പത്തിക സഹായങ്ങൾക്ക് പുറമെ ഇവരുടെ കുടുംബങ്ങൾക്ക്/ആശ്രിതർക്ക് സാമ്പത്തിക സുരക്ഷ നല്കുന്നതിന് ഉള്ള പദ്ധതി, മനപ്പൂർവ്വമല്ലാത്ത കാരണങ്ങളാൽ വിദേശത്ത് വച്ച് നിയമ നടപടികൾ അഭിമുഖീകരിക്കുന്ന പ്രവാസി മലയാളികൾക്ക് എംബസി എം.പാനൽഡ് അഡ്വക്കേറ്റ് മുഖേന നിയമസഹായം ലഭ്യമാക്കുക, വിദേശത്ത് സ്ഥാപിക്കുന്ന സെൽ മുഖേന നിയമോപദേശം നല്കുക, സൗദി അറേബ്യയിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകളുടെ യാത്രാ ചെലവ് വഹിക്കുക എന്നീ ലക്ഷ്യത്തോടെയുള്ള പ്രവാസി നിയമ സഹായ പദ്ധതി, തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**